## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2236** **16/08/2017-ൽ മറുപടിയ്ക്ക്**

### കേരളാ ബാങ്ക് രൂപീകരണം സംബന്ധിച്ച പഠനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരളാ ബാങ്കിന്റെ ഘടനയും, പ്രവർത്തനവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. ഇപ്രകാരം നിയോഗിച്ച വിദഗ്ദ്ധ സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളുടെയും അഭ്യുദയാകാംക്ഷികളുടെയും അഭിപ്രായം ആരാഞ്ഞിട്ടുമുണ്ട്. പൊതുജനാഭിപ്രായം ലഭിച്ചശേഷം നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ഘടനയും പ്രവർത്തനവും എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | കേരളാ ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കേരളാ ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ/ സംസ്ഥാന സഹകരണ ബാങ്കുകൾക്കൊപ്പം ലയിക്കുന്ന മറ്റ് സംസ്ഥാന ബാങ്കുകൾ എതെല്ലാമാണ്; വിശദമാക്കാമോ? | (സി) | 14 ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിക്കുന്നതിനാണ് സമിതി നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ